"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - പത്തനംതിട്ട ബാലികാമഠം ഹയർ സെക്കൻ്ററി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി/എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനായിട്ടുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയായി ഗവണ്മെന്റ് സെക്രട്ടേറിയറ്റിലെ നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറി ശ്രീ.കൃഷ്ണകുമാർ വി.ആർ നെ നോമിനേറ്റ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.10220/2025/GEDN　　തീയതി,തിരുവനന്തപുരം, 15-12-2025

---

പരാമർശം:-

1. ജി.ഒ.(എം.എസ്) നം.123/2014/പൊവിവ തീയതി 04/07/2014.
2. ജി.ഒ.(എം.എസ്) നം.35/2016/പൊവിവ തീയതി 03/02/2016.
3. ജി.ഒ.(എം.എസ്) നം.106/2017/പൊവിവ തീയതി 21/08/2017.
4. ജി.ഒ.(എം.എസ്) നം.29/2023/പൊവിവ തീയതി 24/03/2023.
5. ജി.ഒ.(ആർ.റ്റി) നം.4048/2025/പൊവിവ തീയതി 20/06/2025
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കൻ്ററി വിഭാഗം) 06.12.2025 ലെ HSE/27109/2025-Acd C1 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ ബാലികാമഠം ഹയർ സെക്കൻ്ററി സ്കൂളിലെ താഴെ പറയുന്ന ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനായിട്ടുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയായി ഗവണ്മെന്റ് സെക്രട്ടേറിയേറ്റിലെ നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയും ഇപ്പോൾ തിരുവനന്തപുരം വൈദ്യുതി ഭവനിൽ സീനിയർ ലോ ഓഫീസറായും ജോലി ചെയ്തു വരുന്ന ശ്രീ.കൃഷ്ണകുമാർ വി.ആർ നെ നോമിനേറ്റ് ചെയ്യുന്നതിനായി മാനേജർ സമർപ്പിച്ച പ്രൊപ്പോസൽ പൊതു വിദ്യാഭ്യാസഡയറക്ടർ (ഹയർ സെക്കൻ്ററി വിദ്യാഭ്യാസം) പരാമർശം 6 പ്രകാരം ലഭ്യമാക്കിയിരുന്നു.

| ക്രമ നമ്പർ | തസ്തിക | നിയമന രീതി | ഒഴിവിന്റെ സ്വഭാവം |
|---|---|---|---|
| 1 | എച്ച്.എസ്.എസ്.റ്റി. കെമിസ്ട്രി | ഭിന്നശേഷി സംവരണം | വിരമിക്കൽ മൂലം |
| 2 | എച്ച്.എസ്.എസ്.റ്റി. ഇംഗ്ലീഷ് | നേരിട്ടുള്ള നിയമനം | രാജി മൂലം |
| 3 | എച്ച്.എസ്.എസ്.റ്റി. പൊളിറ്റിക്കൽ സയൻസ് | നേരിട്ടുള്ള നിയമനം | വിരമിക്കൽ മൂലം |

| | | | |
|---|---|---|---|
| | | | |
| 4 | എച്ച്.എസ്.എസ്.റ്റി. സുവോളജി | നേരിട്ടുള്ള നിയമനം | വിരമിക്കൽ മൂലം |
| 5 | എച്ച്.എസ്.എസ്.റ്റി. ബോട്ടണി | നേരിട്ടുള്ള നിയമനം | വിരമിക്കൽ മൂലം |
| 6 | എച്ച്.എസ്.എസ്.റ്റി. ജൂനിയർ പൊളിറ്റിക്കൽ സയൻസ് | ഭിന്നശേഷി സംവരണം | വിരമിക്കൽ മൂലം |

2.ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട റോസ്റ്റർ മാനേജർ സമന്വയ പോർട്ടലിൽ സമർപ്പിച്ചിട്ടുണ്ടെന്നും ടി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി കെമസ്ട്രി, എച്ച്.എസ്.എസ്.റ്റി ജൂനിയർ പൊളിറ്റിക്കൽ സയൻസ് എന്നിവ ഭിന്നശേഷി നിയമനത്തിനായി മാറ്റി വെച്ച ഒഴിവുകളാണെന്നുമാണ് ആർ.ഡി.ഡി. റിപ്പോർട്ട് ചെയ്തിരിക്കുന്നത് എന്നും ടി സ്കൂളിലെ തസ്തികമാറ്റം മുഖേന നിയമിക്കപ്പെടുവാൻ യോഗ്യരായ അധ്യാപകർ പരിത്യാഗപത്രം സമർപ്പിച്ചിട്ടുണ്ടെന്നും പൊതു വിദ്യാഭ്യാസഡയറക്ടർ (ഹയർ സെക്കന്ററി വിദ്യാഭ്യാസം) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3.ശ്രീ.കൃഷ്ണകുമാർ വി.ആർ നെ സർക്കാർ പ്രതിനിധിയായി നിയമിക്കുന്നതിനായുള്ള മാനേജരുടെ സമ്മത പത്രം , സർക്കാർ പ്രതിനിധിയായി നിയമിക്കുന്നതിനായുള്ള ശ്രീ.കൃഷ്ണകുമാർ വി.ആർ ന്റെ സമ്മതപത്രം , 2025-26 അക്കാദമിക് വർഷം 5 ൽ അധികം സെലക്ഷൻ കമ്മിറ്റികളിൽ പങ്കെടുത്തിട്ടില്ല എന്നുള്ള ടിയാന്റെ ഡിക്ലറേഷൻ എന്നിവയും പ്രൊപ്പോസലിനൊപ്പം സമർപ്പിച്ചിട്ടുണ്ട്. പരാമർശം 5 പ്രകാരം അംഗീകരിച്ച 2025-26 ലെ അംഗീകൃത പാനലിൽ ശ്രീ.കൃഷ്ണകുമാർ വി.ആർ ന്റെ പേര് സീരിയൽ നമ്പർ 34 ആയി ഉൾപ്പെട്ടിട്ടുണ്ട്. 2025-26 ലെ തസ്തിക നിർണ്ണയം പ്രകാരം ടി തസ്തിക നിലനിൽക്കുന്നുണ്ടോ എന്നത് സംബന്ധിച്ച വിവരങ്ങളൊന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിദ്യാഭ്യാസം) ലഭ്യമാക്കിയിട്ടില്ല.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.കൃഷ്ണകുമാർ വി.ആർന് അനുവദനീയമായ TA/DA എന്നിവ മാനേജർ നൽകേണ്ടതാണെന്നും സർക്കാർ അനുവദിച്ച തസ്തികകളിലേക്കുള്ള ടി സെലക്ഷൻ നടപടികൾ കെ.ഇ.ആർ ചട്ടം 32 പ്രകാരമാണ് നടത്തുന്നതെന്ന് ഗവ.പ്രതിനിധി ഉറപ്പാക്കേണ്ടതും അത് സംബന്ധിച്ച വിശദമായ റിപ്പോർട്ടും ഇന്റർവ്യൂവിൽ പങ്കെടുക്കുന്ന വ്യക്തികളുടെ വിശദാംശങ്ങളുടെ പകർപ്പ സഹിതം ഇന്റർവ്യൂ നടന്ന് 15 ദിവസത്തിനകം സർക്കാരിൽ ലഭ്യമാക്കേണ്ടതാണെന്നും ഭിന്നശേഷി സംവരണം നടപ്പിലാക്കേണ്ടതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ/കോടതി വിധിന്യായങ്ങൾ/പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ എന്നിവയുടെ അടിസ്ഥാനത്തിൽ സെലക്ഷൻ നടത്തുന്നതിന് സെലക്ഷൻ കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥകളിന്മേലും **2025-26 വർഷത്തെ തസ്തിക നിർണ്ണയം പ്രകാരം ടി തസ്തിക നിലനിൽക്കുന്നുണ്ടെങ്കിൽ** പത്തനംതിട്ട ജില്ലയിലെ ബാലികാമഠം ഹയർ സെക്കന്ററി സ്കൂളിലെ മുകളിൽ പറഞ്ഞിരിക്കുന്ന ഒഴിവിലേക്ക് നിയമനം നടത്തുന്നതിനായിട്ടുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയായി ഗവണ്മെന്റ് സെക്രട്ടേറിയേറ്റിലെ നിയമ വകുപ്പിലെ

ജോയിന്റ് സെക്രട്ടറിയും ഇപ്പോൾ തിരുവനന്തപുരം വൈദ്യുതി ഭവനിൽ സീനിയർ ലോ ഓഫീസറായും ജോലി ചെയ്തു വരുന്ന ശ്രീ.കൃഷ്ണകുമാർ വി.ആർ നെ കെ.ഇ.ആർ അദ്ധ്യായം 32 ചട്ടം 5 നോട്ട് പ്രകാരം നോമിനേറ്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SWAPNA P
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിദ്യാഭ്യാസം), തിരുവനന്തപുരം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, ചെങ്ങന്നൂർ.
ശ്രീ. കൃഷ്ണകുമാർ വി.ആർ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്. (സീനിയർ ലോ ഓഫീസർ, വൈദ്യുതി ഭവൻ, പട്ടം, തിരുവനന്തപുരം)
മാനേജർ, ബാലികാമഠം ഹയർ സെക്കന്ററി സ്കൂൾ, തിരുമൂലപുരം, തിരുവല്ല.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/182/2025/പൊ.വി.വ.)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 15-12-2025 12:02:33
സെക്ഷൻ ഓഫീസർ